## വിശ്രമവും ഭക്ഷണവും ഉപേക്ഷിച്ച് മുഖ്യമന്ത്രി: ചരിത്രമായി ജനസമ്പർക്കം

മുഖ്യമന്ത്രി ഉമ്മൻചാണ്ടി ജില്ലയിൽ നടത്തിയ ജനസമ്പർക്ക പരിപാടി ചരിത്രസംഭവമായി മാറി. തുടർച്ചയായി 12 മണിക്കൂർ പിന്നിട്ട് ജനസമ്പർക്ക പരിപാടി അടുത്ത ദിവസത്തേക്കു കടന്നു. അരലക്ഷത്തോളം പേരാണ് മാക്കാംകുന്ന് കൺവൻഷൻ സെന്ററിൽ മുഖ്യമന്ത്രിയെ കണ്ട് പരാതിക്ക് പരിഹാരം കാണാൻ എത്തിയത്. ഇതിൽ 40400 പേർ നേരത്തേ രജിസ്റ്റർ ചെയ്തതാണ്. അയ്യായിരത്തിലധികം പേരാണ് പരാതിയുമായി ഇന്നലെ നേരിട്ട് വേദിയിലെത്തിയത്.

രാവിലെ 9.30ന് നടന്ന ഹ്രസ്വമായ ഉദ്ഘാടനത്തിന് ശേഷം മുഖ്യമന്ത്രി സദസിലുള്ള വികലാംഗർക്ക് സമീപമെത്തി പരാതി കേൾക്കുകയായിരുന്നു. വീൽചെയറിലും മറ്റുമെത്തിയ വികലാംഗരുടെ പരാതികൾ സശ്രദ്ധം കേട്ട മുഖ്യമന്ത്രി ഒരോ പരാതിയിലും തീർപ്പ് കൽപിച്ചു. മിക്കവർക്കും മുഖ്യമന്ത്രി അടിയന്തര ദുരിതാശ്വാസ സഹായവും അനുവദിച്ചു.

വികലാംഗരെയും ചികിത്സാ ധനസഹായം തേടിയെത്തിയവരേയും കണ്ട ശേഷമാണ് മുഖ്യമന്ത്രി മറ്റു പരാതിക്കാരെ കണ്ടുതുടങ്ങിയത്. ടോക്കൺ നൽകി ക്യൂവായാണ് പരാതിക്കാരെ വേദിയിലേക്ക് വിളിച്ചത്. മന്ത്രിമാരായ അടൂർ പ്രകാശ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ ആന്റോ ആന്റണി എം.പി., കെ.ശിവദാസൻ നായർ എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു ജോർജ്, നഗരസഭാധ്യക്ഷൻ സുരേഷ്കുമാർ, ജില്ലാ കളക്ടർ പി.വേണുഗോപാൽ എന്നിവർ വേദിയിൽ മുഖ്യമന്ത്രിയോടൊപ്പമുണ്ടായിരുന്നു. രാത്രി വൈകിയും മുഖ്യമന്ത്രി പരാതിക്കാരെ ക ണ്ടുവരികയാണ്.

സർക്കാർ തലത്തിൽ കൂടുതൽ പരിശോധന നടത്തി പരിഹാരം കാണേണ്ടുന്ന കേസുകൾ കൈകാര്യം ചെയ്യാൻ സെക്രട്ടേറിയേറ്റ് കൗണ്ടറും ഇവിടെ ഒരുക്കിയിരുന്നു. വിദ്യാഭ്യാസ വായ്പക്കും പലിശ ഇളവുകൾക്കുമായി ധാരാളം അപേക്ഷകൾ ലഭിച്ചു. ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിച്ചത് സിവിൽസപ്ലൈ വകുപ്പുമായി ബന്ധപ്പെട്ടവയായിരുന്നു. പഞ്ചായത്ത്, വിദ്യാഭ്യാസം, പോലീസ്, സാമൂഹ്യ ക്ഷേമം, വാട്ടർ അതോറിറ്റി, സഹകരണം തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ടവയായിരുന്നു കൂടുതൽ പരാതികളും.

ജനങ്ങളുടെ ബാഹുല്യം കണക്കിലെടുത്ത് വിശ്രമമോ ഭക്ഷണമോ കൂടാതെ മൊത്തം പരാതിക്കാരേയും നേരിൽ കാണുന്ന അദ്ദേഹം രാത്രി ഏറെ വൈകിയും പരാതിക്കാരുടെ ആവലാതികൾ കേൾക്കുകയാണ്. 73 കൗണ്ടറാണ് വിവിധ വകുപ്പുകൾക്കായി പ്രവർത്തിച്ചത്. സെന്റ് സ്റ്റീഫൻസ് പാരിഷ് ഹാളിൽ വിവിധ ആരോഗ്യ വിഭാഗങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക ചികിത്സാ യൂണിറ്റും ഒരുക്കിയിരുന്നു. ആയുർവേദ, ഹോമിയോ, ഇംഗ്ലീഷ് വിഭാഗങ്ങളിലായി ആയിരക്കണക്കി നാളുകളാണ് ഇവയുടെ സേവനം പ്രയോജനപ്പെടുത്തിയത്. പാരിഷ് ഹാളിൽ ചെറിയ ആശുപത്രി തന്നെ പൂർണസജ്ജമായി പ്രവർത്തിച്ചു.

മൊത്തം ജനങ്ങൾക്കും ഭക്ഷണവും കുടിവെള്ളവും നൽകിയത് ശ്രദ്ധേയമായി. ന്യായവിലയ്ക്ക് രുചികരമായ ഭക്ഷണവുമായി കുടുംബശ്രീ, ജനശ്രീ എന്നിവയുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും ഫുഡ്കോർട്ടുകൾ പ്രവർത്തിച്ചിരുന്നു. നാടൻ ഭക്ഷണം മുതൽ പൊറോട്ടയും ഇറച്ചിക്കറിയും, ബിരിയാണി വരെയുള്ളവ പലയിടത്തും വിഭവങ്ങളായിരുന്നു.

രാത്രി വൈകിയും ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് ബസ് സർവ്വീസ് ഏർപ്പെടുത്തിയിരുന്നു. ജീവനക്കാരെ അതത് സ്ഥലങ്ങളിൽ എത്തിക്കുന്നതിന് പ്രത്യേക ക്രമീകരണം സജ്ജമാക്കിയിരുന്നു. ജില്ലയിൽ ആദ്യമായാണ് ഇത്രയധികം ജനങ്ങൾ പങ്കെടുക്കുന്ന ഒരു പൊതു പരിപാടി മുഖ്യമന്ത്രി യുടെ കാർമികത്വത്തിൽ നടക്കുന്നത്.

## രജിസ്റ്റർ ചെയ്തത് 40400 പരാതികൾ, പുതിയ പരാതികൾ 5000; ഉച്ചവരെ വിതരണം ചെയ്തത് 3.13 കോടിയുടെ ആനുകൂല്യങ്ങൾ

ജനസമ്പർക്ക പരിപാടിയിൽ 40400- ലധികം പരാതികളാണ് മുൻകൂട്ടി രജിസ്റ്റർ ചെയ്തത്. തിങ്കളാഴ്ച ഉച്ചവരെ മാത്രം 5000 പരാതികൾ പുതുതായി രജിസ്റ്റർ ചെയ്തു,ഉച്ചവരെയുള്ള കണക്കു കൾ പ്രകാരം വിവിധ ഇനങ്ങളിലായി മൂന്നു കോടിയിൽപ്പരം രൂപയുടെ ധനസഹായമാണ് വിത

രണം ചെയ്തിട്ടുള്ളത്. വിവിധ ക്ഷേമപദ്ധതി ആനുകൂല്യത്തിനായുള്ള അപേക്ഷകൾ രാത്രി വൈകിയും ലഭിച്ചുവരികയാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിന് നൂറുകണക്കിനാളുകളാണ് ജനസമ്പർക്ക വേദിയിലെത്തിയത്. മന്ത്രിമാരായ അടൂർ പ്രകാശും തിരുവഞ്ചൂർ രാധാകൃഷ്ണനും ജനസമ്പർക്ക വേദിയിൽ പൊതുജന പരാതികൾ സ്വീകരിക്കാൻ സഹായിച്ചു. കുടുംബ സഹായനിധി ആനുകൂല്യം താലൂക്ക് തിരിച്ച് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിതരണം ചെയ്തു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 220 പേർക്ക് 11.64 ലക്ഷം രൂപ അനുവദിച്ചു. ദേശീയ കുടുംബക്ഷേമ നിധിയിൽ നിന്ന് 1500 പേർക്ക് 1.50 കോടി രൂപയാണ് വിതരണം ചെയ്തത്. വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായമായി 46 പേർക്കു 4.60 ലക്ഷം രൂപയും കാലവർഷക്കെടുതിയിൽ ഭാഗികമായി വീടു നശിച്ച 277 പേർക്കായി 35 ലക്ഷം രൂപയും പൂർണമായും വീടു നഷ്ടപ്പെട്ട 14 പേർക്കായി 9.10 ലക്ഷം രൂപയയും വിതരണം ചെയ്തു.

ഇതിനു പുറമെ അഞ്ചു താലൂക്കുകളിലായി ധനസഹായത്തിനു ലഭിച്ച അപേക്ഷകളിലായി ഒരു കോടിയിൽപ്പരം രൂപയും വിതരണം ചെയ്തിട്ടുണ്ട്. കോഴഞ്ചേരി താലൂക്കിൽ 30 ലക്ഷം രൂപയും അടൂരിൽ 20 ലക്ഷവും റാന്നിയിലും തിരുവല്ലയിലുമായി 15 ലക്ഷം രൂപ വീതവും മല്ലപ്പള്ളിയിൽ 10 ലക്ഷം രൂപ വീതവുമാണ് കളക്ട്രേറ്റ് ഫിനാൻസ് വിഭാഗത്തിൽ നിന്ന് അനുവദിച്ചിരുന്നത്. ഈ തുക ഉച്ചയോടെ തന്നെ വിതരണം ചെയ്തു തീർന്നു.

ജില്ലയിൽ വിവിധ ക്ഷേമപെൻഷനുകൾക്ക് അപേക്ഷിച്ചിരുന്ന 1567 പേർക്ക് പെൻഷൻ അനുവദിച്ച് മുഖ്യമന്ത്രി ഉത്തരവായി. ഇതിൽ 916 പേർക്ക് വാർധക്യകാല പെൻഷനും 342 പേർക്ക് കർഷക തൊഴിലാളി പെൻഷനുമാണ്. 120 പേർക്ക് വികലാംഗ പെൻഷൻ അനുവദിച്ചു. 124 പേർക്ക് വിധവ പെൻഷനും 57 പേർക്കു തൊഴിൽ രഹിത വേതനവും അനുവദിച്ചിട്ടുണ്ട്. അവിവാഹിതരായ 50 വയസിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ എട്ടു പേർക്കും അനുവദിച്ചു.

അടൂർ താലൂക്കിൽ മൂന്നു പേർക്ക് മുഖ്യമന്ത്രി പട്ടയം അനുവദിച്ചു. പെരിങ്ങനാട് വില്ലേജിൽ കെ.കെ.രാജൻ, ലൂസിയാമ്മ, എലിസബത്ത് ജോണി എന്നിവർക്കാണ് പട്ടയം നൽകിയത്. മല്ലപ്പള്ളി പഞ്ചായത്തിലെ ചാക്കമറ്റം കോളനിയിലെ ഭവനരഹിതരായ ഏഴു കുടുംബങ്ങൾക്കു വീടുവയ്ക്കുന്നതിനുള്ള ധനസഹായം മുഖ്യമന്ത്രി നൽകി. അപകടത്തിൽ മരിച്ച നാലു പേരുടെ ആശ്രിതർക്കു ഒരു ലക്ഷം രൂപ വീതം വിതരണം ചെയ്തു. രാത്രിവൈകിയും ധനസഹായാഭ്യർഥനയുമായി അപേക്ഷകരുടെ നീണ്ട നിരയാണ് മാക്കാംകുന്ന് കൺവൻഷൻ സെന്ററിലേക്ക് എത്തുന്നത്.